**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3573** — **26-10-2021 - ൽ മറുപടിയ്ക്ക്**

**ക്യാൻസർ സുരക്ഷാപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന 18 വയസ്സുവരെയുള്ള കുട്ടികളുടെ ക്യാൻസർ രോഗചികിത്സ പൂർണ്ണമായും സൗജന്യമായി നടപ്പാക്കുന്ന ക്യാൻസർ സുരക്ഷാപദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | (എ) ഉണ്ട്. തിരഞ്ഞെടുക്കപ്പെട്ട 13 സർക്കാർ ആശുപത്രികൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയിലൂടെ നാളിതുവരെ 8124 കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷം 2018 -2019 വരെ പദ്ധതിയുടെ കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിൽ ഏതൊക്കെ ആശുപത്രികൾ മുഖേനയാണ് പ്രസ്തുത ചികിത്സാ പദ്ധതി നടപ്പാക്കിവരുന്നത്; വിശദാംശങ്ങൾ നൽകാമോ; | (ബി) | (ബി) ചുവടെ പറയുന്ന 13 സർക്കാർ ആശുപത്രികൾ മുഖേനയാണ് ക്യാൻസർ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്. 1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം. 2. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം. 3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്. 4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആൻഡ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്. 5. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ. 6. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ. 7. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം. 8. ഐ.സി.എച്ച്, കോട്ടയം. 9. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി പരിയാരം, കണ്ണൂർ. 10. ഗവ. ജനറൽ ആശുപത്രി, എറണാകുളം. 11. ഗവ. മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, തൃശൂർ. 12. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം. 13. എസ്. എ. റ്റി ആശുപത്രി, തിരുവനന്തപുരം. |
| (സി) | 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്ന താലോലം പദ്ധതിയുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഏതൊക്കെ ആശുപത്രികൾ മുഖേനയാണ് പ്രസ്തുത ചികിത്സാ പദ്ധതി നടപ്പാക്കി വരുന്നത്; വിശദമാക്കാമോ? | (സി) | (സി) താലോലം പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. 1. സംസ്ഥാനത്തിനകത്തുള്ള 18 വയസ്സിന് താഴെയുള്ള കുട്ടികളായിരിക്കണം. 2. താലോലം പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ കിടത്തി ചികിത്സ തേടുന്ന കുട്ടികളായിരിക്കണം. 3. ശസ്ത്രക്രിയ ആവശ്യമുള്ള, വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, |

ഹീമോഫിലിയ, താലസീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥി വൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗ ബാധിതരുടെ ചികിത്സ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും, ശസ്ത്രക്രിയ ചെയ്യുന്നതിനും, അവയവങ്ങൾ മാറ്റി വയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാണ്. 4. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാസ്ഥാപങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല. 5. മെഡിക്കൽ ഇൻഷുറൻസ് പദ്ധതികളുടെ പരിധിയിൽ വരുന്ന മേൽപ്പറഞ്ഞ അർഹതയുള്ള കുട്ടികൾക്ക് ഇൻഷുറൻസ് കമ്പനികൾ നൽകുന്ന തുകയ്ക്ക് ഉപരിയായി ചികിത്സക്ക് ചെലവാകുന്ന തുക ലഭിക്കുന്നതാണ്. 6. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപനങ്ങളിലെയും/ മറ്റ് സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലെയും അന്തേവാസികളായ എല്ലാ കുട്ടികൾക്കും ചികിത്സ സഹായം ലഭിക്കുന്നതാണ്. ചുവടെ പറയുന്ന 16 ആശുപത്രികൾ മുഖേനയാണ് താലോലം പദ്ധതി നടപ്പിലാക്കി വരുന്നത്. 1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം. 2. എസ്സ്.സി.റ്റി.ഐ.എം.എസ്സ്.റ്റി, തിരുവനന്തപുരം. 3. എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം. 4. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം. 5. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം. 6. ഐ.സി.എച്ച്, കോട്ടയം. 7. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ. 8. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ. 9. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്. 10. ഐ.എം.സി.എച്ച് , കോഴിക്കോട്. 11. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ. 12. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ. 13. ജില്ലാ ആശുപത്രി, ആലുവ. 14. ICCONS, തിരുവനന്തപുരം.

| | | | |
|---|---|---|---|
| | | | 15. ICCONS, ഷൊർണ്ണൂർ. 16. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി. |

സെക്ഷൻ ഓഫീസർ